


# വഴികാട്ടിയായ നക്ഷത്രം

(മത്തായി 2:1 – 12)

Vol. 11, Issue: 34

ബ്ര. ടോണി മങ്ങാട്ടുപൊയ്കയിൽ MCBS

ഉദയസൂര്യന്റെ നാട്ടിൽ നിന്നും നീതിസൂര്യനായി ജനിച്ച രാജാവിനെ തേടിയിറങ്ങിയ മൂന്ന് ജ്ഞാനികളെയാണ് സുവിശേഷം ഇന്ന് നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത്. പുരാതന പാരമ്പര്യങ്ങളിൽ മഹാന്മാരായ രാജാക്കന്മാർ ജനിക്കുമ്പോൾ ആകാശത്ത് പുതിയ നക്ഷത്രങ്ങൾ ഉദിക്കുമെന്ന വിശ്വാസം നിലനിന്നിരുന്നു. ഈ പാരമ്പര്യത്തിന്റെ ചുവടുപിടിച്ചാണ് പൗരസ്ത്യനാടുകളിൽ നിന്നും ഈ മൂന്ന് ജ്ഞാനികൾ രക്ഷകനായ രാജാവിനെ തേടി ഇറങ്ങിയത്. പാരമ്പര്യങ്ങൾ ഇവരെ പൂജരാജാക്കന്മാർ എന്ന് വിശേഷിപ്പിക്കാറുണ്ട്. ഏഴാം നൂറ്റാണ്ടിൽ ഈ മൂന്നു പേർക്കും പേരുകളും ലഭിച്ചു. പക്ഷേ, രാജാക്കന്മാർ എന്നതിനേക്കാൾ വി. മത്തായി സുവിശേഷകൻ നൽകുന്ന 'ജ്ഞാനികൾ' എന്ന വിശേഷണം തന്നെയാണ് ഇവർക്ക് കൂടുതൽ യോജിക്കുന്നത്. കാരണം, യഥാർത്ഥ ജ്ഞാനി ദൈവത്തെ തേടുന്നവനാണ്.

നക്ഷത്രത്തെ അനുധാവനം ചെയ്ത് ജറുസലേമിലെത്തിയ ജ്ഞാനികൾ, രാജാവായി ജനിച്ചവൻ രാജകൊട്ടാരത്തിലാവാം ജനിച്ചത് എന്ന മാനുഷിക നിഗമനത്തിൽ ഹേറോദേസിന്റെ കൊട്ടാരാങ്കണത്തിൽ എത്തിച്ചേരുന്നു. ജ്ഞാനികളുടെ വാക്കു കേട്ട് ഏദോംകാരനായ ഹേറോദേസ് രാജാവ് അസ്വസ്ഥനായി. കാരണം ഒരുപക്ഷേ, ബാലാമിന്റെ മിശിഹാപ്രവചനമാകാം. ''യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും. ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും. ഏദോം അന്യാധീനമാകും'' (സംഖ്യ 24:17 – 18). ഹേറോദേസ് യഹൂദജ്ഞാനികളെ വിളിച്ച്, ക്രിസ്തു ജനിക്കുന്നത് എവിടെയാണെന്ന് അന്വേഷിക്കുമ്പോൾ, യൂദയായിലെ ബേത്‌ലഹെമിൽ എന്ന് അവർ വിശുദ്ധ ഗ്രന്ഥം അപഗ്രഥിച്ച് കൃത്യമായി മറുപടി പറയുന്നു.

ജനിച്ചിരിക്കുന്നവൻ ക്രിസ്തുവാണെന്നും അവൻ യഹൂദരുടെ രാജാവാകാനുള്ളവനാണെന്നും കൃത്യമായി അറിഞ്ഞിട്ടും കിഴക്കു നിന്നെത്തിയ ജ്ഞാനികൾക്കൊപ്പം ക്രിസ്തുദർശനം നേടാൻ ആ യഹൂദജ്ഞാനികൾ ശ്രമിക്കുന്നില്ല. യഹൂദജനതയുടെ മുഴുവൻ പ്രതീക്ഷകളും, വരാനിരിക്കുന്ന രക്ഷകനായിരുന്നു. 'കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ' എന്ന പ്രാർത്ഥനയോടെ നൂറ്റാണ്ടുകളായി ഓരോ യഹൂദനും കാത്തിരുന്നത് രക്ഷകനായി ജനിക്കാനിരിക്കുന്ന ക്രിസ്തുവിനു വേണ്ടിയായിരുന്നു. പക്ഷേ, ജീവിതത്തിന്റെ നിയോഗം മറന്നുപോയ ഹതഭാഗ്യരായ യഹൂദജ്ഞാനികളെ സുവിശേഷം നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നു.

ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും ശക്തിസ്രോതസ്സും കേന്ദ്രവും ലക്ഷ്യവുമെല്ലാം ക്രിസ്തുവാണ്. ഈ സത്യം മറന്നുജീവിക്കുന്ന ഓരോ ക്രൈസ്തവനും നഷ്ടപ്പെടുന്നത് തന്റെ ജീവിതത്തിന്റെ നിയോഗമാണ്. വിശുദ്ധ കുർബാന ഈശോയുടെ ശരീരവും രക്തവും ദൈവത്തിന്റെ അവർണ്ണനീയമായ സ്നേഹത്തിന്റെ പ്രകടനവും ആണെന്നൊക്കെയുള്ള അറിവുകൾ ഉള്ളിൽ സൂക്ഷിക്കുമ്പോഴും വി. കുർബാനയിലേയ്ക്ക് ജീവിതം നയിക്കപ്പെടാതിരിക്കുമ്പോൾ നമ്മളും ഈ ജീവിതത്തിൽ പരാജയപ്പെടുന്നു.

സുവിശേഷം നമുക്കു മുമ്പിൽ വയ്ക്കുന്ന ധാർമ്മികതയെ പ്പറ്റി അറിവും ബോധ്യവും ഉണ്ടായിരിക്കുകയും എന്നാൽ ആ ധാർമ്മികതയെ ജീവിതത്തോട് ചേർത്തുവയ്ക്കാൻ പരാജയപ്പെടുകയും ചെയ്യുമ്പോഴും നമുക്കും സുവിശേഷാത്മകജീവിതത്തിന്റെ അർത്ഥം നഷ്ടമാകുന്നു. തീർച്ചയായും ഈ കൊറോണക്കാലം കൂദാശജീവിതത്തെ ഒരു പാട് പരിമിതപ്പെടുത്തുന്നുണ്ട്. പക്ഷേ, സുവിശേഷാത്മക ജീവിതം നയിക്കുവാൻ, സുവിശേഷം ഉയർത്തിപ്പിടിക്കുന്ന ധാർമ്മികതയിലേയ്ക്കും സ്നേഹത്തിലേയ്ക്കും വളരാൻ നമുക്ക് പരിശ്രമിക്കാം. അറിവുകൾ ആത്മീയതയിലേയ്ക്ക് നമ്മെ കൂടുതലായി നയിക്കട്ടെ. രക്ഷകനെക്കുറിച്ചുള്ള അറിവ് രക്ഷയിലേയ്ക്കു നയിക്കുവാൻ ഉതകുന്നതാകട്ടെ.

സ്വപ്നത്തിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് ജ്ഞാനികൾ മറ്റൊരു വഴിയേ സ്വദേശത്തേയ്ക്കു മടങ്ങി. പഴയനിയമത്തിലുടനീളം സ്വപ്നത്തിലൂടെ ദൈവം തന്റെ പദ്ധതികൾ രാജാക്കന്മാർക്ക് വെളിപ്പെടുത്തുന്നതായി വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നുണ്ട്. വി. മത്തായിയുടെ സുവിശേഷത്തിലും സ്വപ്നങ്ങളെ ദൈവികപദ്ധതിയുടെ വെളിപ്പെടുത്തലുകളായിട്ടാണ് അവതരിപ്പിക്കുന്നത്. ഇവയെല്ലാം ക്രിസ്തുജീവിതത്തോട് ബന്ധപ്പെട്ടവയുമാണ്.

മറിയത്തെ ഭാര്യയായി സ്വീകരിക്കുവാൻ ജോസഫിന് നിർദ്ദേശം ലഭിക്കുന്നത് സ്വപ്നത്തിലൂടെയാണ്. ജോസഫ് ദൈവികവെളിപാടിന് ജീവിതത്തെ സമർപ്പിച്ചപ്പോൾ അവിടെ ക്രിസ്തു ജനിച്ചു. വീണ്ടും ജ്ഞാനികൾ സ്വപ്നത്തിലെ നിർദ്ദേശമനുസരിച്ച് മറ്റൊരു വഴിയേ മടങ്ങിയപ്പോൾ ഹേറോദേസിന്റെ വാളിൽ നിന്നും ക്രിസ്തു രക്ഷപെട്ടു. കുഞ്ഞിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേയ്ക്ക് ഒളിച്ചോടാനുള്ള സ്വപ്നവെളിപാടിന് ജോസഫ് വീണ്ടും പ്രത്യുത്തരിച്ചപ്പോൾ റാമായിലെ റാഹേലിന്റെ നിലവിളിക്കൊപ്പം പരിശുദ്ധ മറിയത്തിന്റെ നിലവിളിയും കലർന്നില്ല. ഒടുവിൽ മത്തായി സുവിശേഷം 27 - ാം അദ്ധ്യായം 19 - ാം തിരുവചനത്തിൽ മറ്റൊരു സ്വപ്നം വിവരിക്കുന്നു. പീലാത്തോസിന്റെ ഭാര്യയായ ക്ലോദിയ, ''ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്; അവനെപ്പറ്റി ഞാൻ സ്വപ്നത്തിൽ വളരെയേറെ ക്ലേശിച്ചു'' എന്നുപറയുമ്പോൾ ആ വെളിപാടിനു നേരെ പീലാത്തോസ് തന്റെ കാതുകൾ അടയ്ക്കുന്നു. ദൈവിക വെളിപാടിനു നേരെ കാത് കൊട്ടിയടച്ച പീലാത്തോസ് ഇപ്രകാരം ശതാധിപനോടു ചോദിക്കുന്നു: ''അവൻ (ക്രിസ്തു) ഇത്രവേഗം മരിച്ചുവോ?''

ജീവിതത്തിലെ ദൈവികസ്വരങ്ങൾക്കു നേരെ കാത് കൊട്ടിയടയ്ക്കുന്ന ക്രൈസ്തവന്റെ ജീവിതത്തിലും ഇതു തന്നെയാണ് സംഭവിക്കുക. ''വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ ഇതാണ് വഴി, ഇതിലെ പോവുക'' (ഏശ. 30:21) എന്ന് ഉള്ളിലിരുന്നു മന്ത്രിക്കുന്ന ദൈവികസ്വരത്തിന് കാതു കൊടുക്കാതെ മനസ്സിനിണങ്ങിയ വഴികളിലൂടെ പാപത്തിൽ ചരിക്കുമ്പോൾ ഉള്ളിലെ ദൈവസാന്നിധ്യം പൂർണ്ണമായി അസ്തമിക്കും. പിന്നീട് പീലാത്തോസിനെപ്പോലെ ഹൃദയത്തിലേയ്ക്ക് നോക്കി നെടുവീർപ്പെടേണ്ടി വരും. ക്രിസ്തു ഇത്രവേഗം മരിച്ചുവോ? പക്ഷേ, മരണത്തിൽ അസ്തമിക്കുന്നതല്ല ക്രൈസ്തവന്റെ പ്രതീക്ഷ. നഷ്ടപ്പെട്ട ദൈവസാന്നിധ്യത്തെ വീണ്ടെടുക്കാൻ അനുതാപത്തോടെ ഇടർച്ചകളെ ഏറ്റുപറഞ്ഞാൽ മാത്രം മതി.

ഈ ക്രിസ്തുമസ് കാലത്ത് ഉള്ളിലെ ദൈവസാന്നിധ്യത്തെ നഷ്ടപ്പെടുത്താതെ നമുക്ക് കാക്കാം. ആത്മാവിന്റെ നിമന്ത്രണങ്ങൾക്ക് കാതോർക്കാം. നഷ്ടപ്പെട്ട ദൈവസാന്നിധ്യത്തെ വീണ്ടെടുക്കാം. ഒപ്പം ഉള്ളിലും പരിസരങ്ങളിലും മുഴങ്ങുന്ന ദൈവികസ്വരങ്ങൾക്ക് നിരന്തരം കാതോർക്കാം. പലപ്പോഴും ദൈവം മാതാപിതാക്കളിലൂടെയും, ഗുരുഭൂതരിലൂടെയും, സഭാനേതൃത്വങ്ങളിലൂടെയും, ചിലപ്പോഴെങ്കിലും മക്കളിലൂടെയും, ജീവിതപങ്കാളിയിലൂടെയും, അധീനരിലൂടെയും, അപരിചിതരിലൂടെയും നമ്മോട് സംസാരിക്കാറുണ്ട്. പ്രാർത്ഥനയോടെ നമുക്കു ചുറ്റും മുഴങ്ങുന്ന സ്വരങ്ങളിൽ ദൈവികസ്വരം ഏതെന്ന് വിവേചിച്ചറിയാനും അത് അനുവർത്തിക്കാനും നമുക്ക് പരിശ്രമിക്കാം.

അവർ മറ്റൊരു വഴിയേ മടങ്ങിപ്പോയി. ക്രിസ്തുവിന്റെ മുഖദർശനം യഥാർത്ഥത്തിൽ സിദ്ധിച്ച എല്ലാവരുടെയും ജീവിതത്തിൽ ഈ പുതിയ വഴി നിഴലിക്കുന്നുണ്ട്. സുവിശേഷം അനേകായിരം ദൃഷ്ടാന്തങ്ങളെ നമുക്കു മുമ്പിൽ വച്ചു നീട്ടുന്നുണ്ട്. സക്കേവൂസും, പാപിനിയും, സമരിയാക്കാരിയും, ലേവിയും, പിശാചുബാധിതനുമൊക്കെ ഇങ്ങനെ പുതിയ വഴി തിരഞ്ഞെടുത്തവരാണ്. ഇന്നലെ വരെ ചുവടുവച്ച പാപത്തിന്റെ വഴികളെ ഉപേക്ഷിച്ചവരാണ്. ദൈവം മാനവചരിത്രത്തിലേയ്ക്ക് വന്നിറങ്ങയപ്പോൾ ചരിത്രം തന്നെ രണ്ടായി മാറി. ക്രിസ്തുവിനു മുമ്പും (ബി.സി.) ക്രിസ്തുവർഷവും (എ.ഡി.) ക്രിസ്തുവിനെ ദർശിക്കുന്ന വ്യക്തിയുടെ ജീവിതവും ഇതുപോലെ രണ്ട് എപ്പിസോഡുകളായി മാറണം - അഗസ്തീനോസിന്റെയും, ഫ്രാൻസിസ് അസ്സീസിയുടെയും, പൗലോസ് ശ്ലീഹായുടെയുമൊക്കെ ജീവിതം പോലെ.

കുമ്പസാരക്കൂടിനെ സമീപിക്കുന്ന ഒരു ക്രൈസ്തവന്റെ ജീവിതത്തിലും ഇതു തന്നെയാണ് സംഭവിക്കേണ്ടത്. ക്രിസ്തുവിന്റെ കരുണയും സ്നേഹവും തിരിച്ചറിയുമ്പോൾ പുതിയ വഴിയിൽ നടക്കാനുള്ള തീരുമാനവും തിരഞ്ഞെടുപ്പുമാണ് സുവിശേഷം നമ്മിൽ നിന്നും ആവശ്യപ്പെടുന്നത്. പാപം ജനിപ്പിക്കുന്ന വസ്തുക്കൾ, വ്യക്തികൾ, സ്ഥലങ്ങൾ ഇവയിൽ നിന്നും മാറിനടക്കാനുള്ള ആർജ്ജവത്വം ഉണ്ടാകട്ടെ. ഒപ്പം ഇടപെടലുകളിൽ, പെരുമാറ്റത്തിൽ, നിലപാടുകളിൽ, ചിന്തകളിൽ അൽപം കൂടി കരുണയും സ്നേഹവുമുള്ളവരാകാൻ നമുക്ക് കൂടുതലായി പരിശ്രമിക്കാം. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആമ്മേൻ.